**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 45** — **01-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇനി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കാമോ; | (എ) | പ്രസ്തുത തസ്തികയിലെ നാല് പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പടെ ആകെ 7 (ഏഴ്) ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൂന്ന് ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ 2023 നവംബർ മാസത്തിനു മുൻപ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ നാല് പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികളിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്രപേർ വീതം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ താല്ക്കാലിക/കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ